# വിലത്തകർച്ചയിൽ വെളിച്ചെണ്ണ

കൊച്ചി: സ്വർണവില വർധിച്ചും കുറഞ്ഞും നിന്നു. വെളിച്ചെണ്ണയ്ക്ക് വിലത്തകർച്ച. ഇലത്തേയില വിലയും വർധിച്ചു. കുരുമുളകിനും വില ഉയർന്നു. പാമോയിൽ വിലയിടിഞ്ഞു.

വെളിച്ചെണ്ണയ്ക്ക് കേന്ദ്രസർക്കാർ താങ്ങുവില പ്രഖ്യാപിച്ചിരുന്നു. ഇതിന് പിന്നാലെ വിപണി തളരുന്നതാണ് കണ്ടത്. കഴിഞ്ഞവർഷം മേയിൽ ക്വിന്റലിന് 10,400 രൂപയായിരുന്നു വില. കഴിഞ്ഞവാരം അവസാനം 7100 രൂപയാണ് ലഭിച്ചത്. വെളിച്ചെണ്ണയ്ക്ക് വില കുറഞ്ഞെങ്കിലും കൊപ്രയെ ബാധില്ല. കൊപ്ര വില 4745- 4900 രൂപ നിരക്കിലായിരുന്നു. വില താഴ്ന്ന് 4500 രൂപയിലെത്തിയാൽ സംഭരണം ശക്തമാക്കേണ്ടിവരുമെന്ന് വിപണിവൃത്തങ്ങൾ പറയുന്നു.





വടക്കേയിന്ത്യയിൽ നിന്ന് ആവശ്യക്കാർ കുറഞ്ഞതാണ് വെളിച്ചെണ്ണ വിലയിടിയാൻ ഒരു കാരണം. തമിഴ്നാട്ടിൽ വൻ ശേഖരമുള്ളതിനാൽ വിൽപന സമ്മർദ്ദമുണ്ട്. പൊങ്കലിനുശേഷം വിപണിയിൽ തമിഴ്നാട് ശക്തമായുണ്ട്. കേരളത്തിലും ചരക്ക് ധാരാളമുണ്ട്. പാമോയിൽ വില കുറഞ്ഞതും വിപണിയെ സ്വാധീനിച്ചു. പാമോയിലിന് ചില്ലറ വിൽപ്പന വില 64 രൂപയ്ക്ക് താഴെയാണ്. പായ്ക്കറ്റിലുള്ള പാമോയിലിന് 68 രൂപയും. ചൂട് കൂടിയതോടെ കരിക്ക് വിൽപ്പന വർധിച്ചു. മികച്ച വില ലഭിക്കുന്നതിനാൽ കരിക്ക് നൽകാൻ കർഷകർക്കും താൽപ്പര്യമുണ്ട്.

വെളിച്ചെണ്ണയ്ക്ക് വീണ്ടും വില കുറയുമെന്നാണ് വ്യാപാരവൃത്തങ്ങൾ കരുതുന്നത്. വലിയ വിലയിടിവിന് സാധ്യതയില്ല. ജനുവരിയെക്കാൾ കുറഞ്ഞ നിരക്കിലാണ് ഫെബ്രുവരി അവധിയുടെ വിൽപ്പന നടന്നത്. മാർച്ച് അവധി വില ഉയർന്നെങ്കിലും കാര്യമായ അന്തരമില്ല.



റബർ വിലയിൽ നേരിയ ഉണർവുണ്ടായി. ഊഹക്കച്ചവടക്കാരുടെ ഇടപെടലാണ് കാരണം. ചൈനയിൽ നിന്ന് വൻ ഡിമാൻഡ് പ്രതീക്ഷ വിപണിയിലുണ്ട്. ചൈന വൻതോതിൽ റബർ വാങ്ങിക്കൂട്ടുമെന്ന വാർത്തകൾ അന്താരാഷ്ട്ര വിപണിയിലും സജീവമാണ്. വെള്ളപ്പൊക്കം ഉൽപാദനത്തെ ബാധിച്ചതിനാൽ തായ്‌ലൻഡിൽ നിന്ന് ചരക്ക് കുറയുന്നത് ഇന്ത്യക്ക് ഗുണം ചെയ്യുമെന്നാണ് പ്രതീക്ഷ. ക്വിന്റലിന് 17,800-18,000 രൂപയാണ് അന്താരാഷ്ട്ര മാർക്കറ്റിലെ വില. വാരാന്ത്യം നാലാം ഗ്രേഡിന് 19,200 രൂപയും അഞ്ചാം ഗ്രേഡിന് 18,700 രൂപയുമായിരുന്നു കൊച്ചി വില.



വേനൽ ശക്തമാകുമ്പോൾ കേരളത്തിൽ ഉൽപ്പാദനം കുറഞ്ഞാലും വിലയിലെ ചാഞ്ചാട്ടം മൂലം കർഷകർ പിടിച്ചു വച്ചിരിക്കുന്നതിനാൽ റബ്ബറിന് ദൗർലഭ്യം ഉണ്ടാകില്ലെന്നാണ് വിലയിരുത്തൽ.

വടക്കേയിന്ത്യയിൽ നിന്ന് ആവശ്യം വർധിച്ചതാണ് കുരുമുളക് വില ഉയർത്തിയത്. കുറഞ്ഞ വിലയ്ക്ക് നേരത്തെ കുരുമുളക് വിറ്റഴിച്ചതിനാൽ ഉത്തരേന്ത്യയിൽ നിന്ന് കുരുമുളകിന് ആവശ്യക്കാർ കുറഞ്ഞിരുന്നു. ജയ്പൂരിലും ജോധ്പൂരിലും ഡൽഹിയിലും കൊച്ചിയിലേക്കാൾ താഴ്ന്ന വിലയിലാണ് കുരുമുളക് വിറ്റത്. സംസ്ഥാനത്ത് വിപണിയിലേക്ക് കുരുമുളക് വരവ് കുറഞ്ഞിട്ടുണ്ട്. തെക്കൻ ജില്ലകളിലെ മുളക് സത്ത് ഉൽപ്പാദകർ നേരിട്ട് വാങ്ങിയതിനാൽ വിപണിയിലേക്ക് മുളക് എത്താൻ സാധ്യതയില്ല. ഇടുക്കിയിൽ ഉൽപ്പാദനം കുറവാണെന്നും റിപ്പോർട്ടുണ്ട്. വില ഇനിയും ഉയരാനുള്ള സാധ്യത വിപണിയിലുണ്ട്. കുരുമുളക് അൺഗാർബിൾഡ് 30,500 രൂപ, ഗാർബിൾഡ് 32,000 രൂപ എന്നതായിരുന്നു വാരാവസാനം വില.

സ്വർണവില ചാഞ്ചാടി. അന്താരാഷ്ട്ര വിപണിയിലെ മാറ്റങ്ങൾ വിലയെ സ്വാധീനിച്ചു. യൂറോപ്പിലെ പ്രതിസന്ധി രൂക്ഷമായേക്കുമെന്ന റിപ്പോർട്ടാണ് വിലയിടിയാൻ കാരണം. 2560 രൂപ വരെ ഉയർന്ന ഗ്രാമിന്റെ വില 2575 രൂപയിലാണ് അവസാനിച്ചത്. 2585 രൂപയാണ് വാരത്തിന്റെ തുടക്കത്തിലുണ്ടായിരുന്നത്. ഡോളർ കരുത്ത് നേടിയതും വിപണിയെ സ്വാധീനിച്ചു.

പാകിസ്ഥാനും ഈജിപ്തും ഇറക്കുമതിക്ക് താൽപ്പര്യം കാട്ടിയതാണ് ഇലത്തേയിലയ്ക്ക് വില വർധിക്കാൻ കാരണമായത്. ഓർത്തഡോക്സ് ഇലത്തേയിലയ്ക്ക് രണ്ടു മുതൽ അഞ്ചു രൂപ വരെ വർധിച്ചു. സി.ടി.സി ഇലത്തേയിലയ്ക്ക് മൂന്നു രൂപ വരെയുയർന്നു. ഓർത്തഡോക്സ് പൊടിത്തേയിലയ്ക്ക് രണ്ട് രൂപ കൂടി.